"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2639 17.06.2019 ൽ മറുപടിയ്ക്ക്

വൃക്ഷത്തൈ പരിപാലനം

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ലോക പരിസ്ഥിതി ദിനത്തിൽ വകുപ്പ് മുഖേനയും സന്നദ്ധസംഘടനകൾ വഴിയും വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ തുടർന്നുള്ള പരിപാലനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദവിവരം നൽകുമോ; | (എ) | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടു പിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പു വരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ,പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് പ്രസിഡന്റ്,<br>ക്ഷേമകാര്യ സ്ഥിരം സമിതി<br>അദ്ധ്യക്ഷൻ എന്നിവരുടെ<br>നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ<br>ഹെഡ്മാസ്റ്റർമാർ, സന്നദ്ധ<br>സംഘടന പ്രതിനിധികൾ,<br>പൊതുപ്രവർത്തകർ എന്നിവർ<br>അംഗങ്ങളായ 15-ൽ കൂടാത്ത<br>അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ്<br>നട്ടു പിടിപ്പിച്ച തൈകളുടെ<br>നിലനിൽപ്പും, വളർച്ചയും<br>വിലയിരുത്തുന്നതിനും,<br>അതിജീവനശതമാനം<br>ഉറപ്പിക്കുന്നതിനും സർക്കാർ<br>നിർദ്ദേശിച്ചിരിക്കുന്നത്.<br>ഇപ്രകാരമുള്ള കമ്മിറ്റികൾ<br>പഞ്ചായത്ത് തലത്തിലും സ്കൂൾ,<br>കോളേജ് തലങ്ങളിലും രൂപീകരിച്ച്<br>നടപ്പിലാക്കാനുള്ള സംവിധാനം<br>വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ വിതരണം ചെയ്ത<br>തൈകളുടെ എണ്ണം, നടീൽ,<br>അതിജീവനംഎന്നിവ സംബന്ധിച്ച്<br>പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ<br>നിർദ്ദേശം നൽകിയിട്ടുണ്ട്.<br>രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി<br>വിഭാഗം പരിശോധനാ<br>വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ<br>നൽകി വരുന്നുണ്ട്.<br>മതസംഘടനകൾ, യുവജന<br>സംഘടനകൾ, രാഷ്ട്രീയ<br>സംഘടനകൾ,റസിഡൻസ്<br>അസോസിയേഷനുകൾ<br>എന്നിവർക്കായി വിതരണം<br>ചെയ്യുന്ന വൃക്ഷത്തൈകളുടെ<br>സംരക്ഷണവും, പരിപാലനവും<br>സംഘടനകളിലും,<br>വ്യക്തികളിലുമാണ് |

| | | | |
|---|---|---|---|
| | | | നിക്ഷിപ്തമായിരിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇപ്രകാരം വിതരണം ചെയ്യപ്പെട്ട വൃക്ഷത്തൈകളുടെ നട്ടുപിടിപ്പിക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള മാറ്റം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടു പിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പ് വരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. ഇതിനു പുറമെ 2016,2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അടുത്ത വർഷത്തെ പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ പരിപാലനത്തിന് മുൻകൈ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ എന്നറിയിക്കാമോ? | (സി) | നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പ് വരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നിലവിൽ വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നത്. ആയതിനാൽ പുതിയ പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ